# നന്മയുടെ വക്താക്കളാവുക

**എം. എം. അക്ബർ**

മാഞ്ചസ്റ്ററിലെ മ്യൂസിയം ഓഫ് സയൻസ് ആന്റ് ഇൻഡസ്ട്രിയിൽ ഇപ്പോൾ ഒരു പ്രത്യേക പവലിയനുണ്ട്. 1001-INVENTIONS-MUSLIM HERITAGE IN OUR WORLD എന്നാണ് പവലിയന്റെ പേര്. FOUNDATION FOR SCIENCE, TECHNOLOGY AND CIVILIZATION എന്ന സംഘടനയാണ് പവലിയന്റെ സംഘാടകർ. യൂറോപ്പും പാശ്ചാത്യലോകവും ഇരുട്ടിൽ തപ്പിയിരുന്ന കാലത്ത് മുസ്‌ലിം ലോകം നടത്തിയ ശാസ്ത്രീയ ഗവേഷണങ്ങളെയും കണ്ടുപിടുത്തങ്ങളെയും പരിചയപ്പെടുത്തുന്നതാണ് പവലിയൻ. സുന്ദരവും ശാസ്ത്രീയവുമായി സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന പവലിയൻ ആരെയും ആകർഷിക്കുന്നതാണ്. മുസ്‌ലിംകളല്ലാത്ത നിരവധിപേർ പവലിയൻ സന്ദർശിക്കുകയും ശാസ്ത്രചരിത്രത്തിലെവിടെയും അവർ കേട്ടിട്ടില്ലാത്ത കാര്യങ്ങൾ കണ്ട് അത്ഭുതം കൂറുകയും ചെയ്യുന്നുണ്ട്. ഭീകരരും അപരിഷ്കൃതരുമായി പരിചയപ്പെടുത്തപ്പെടുന്ന മുസ്‌ലിംലോകത്തിന് ഇങ്ങനെയൊരു ഭൂതകാലമുണ്ടായിരുന്നുവെന്ന് അറിയുന്നതുതന്നെ യൂറോപ്യൻമാർക്ക് അത്ഭുതകരമാണ്. പരിശുദ്ധ ഖുർആനിന്റെ അഹ്വാനങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് മുസ്‌ലിംലോകം ശാസ്ത്രീയമായ ഗവേഷണങ്ങൾ നടത്തിയതെന്ന് അറിയുമ്പോൾ ഖുർആനിനെക്കുറിച്ച് പഠിക്കുവാനും മനസ്സിലാക്കുവാനുമുള്ള ത്വര അവരുടെ കണ്ണുകളിൽ കാണാനാവും. പ്രസിദ്ധമായ മ്യൂസിയം ഓഫ് സയൻസ് ആന്റ് ഇൻഡസ്ട്രിയിലാണ് ഇത് സ്ഥാപിക്കപ്പെട്ടിരിക്കുന്നത് എന്നതിനാൽ തന്നെ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ വിശ്വസനീയതയിൽ സംശയിക്കാൻ ആർക്കും കഴിയില്ലല്ലോ.

മുസ്‌ലിംകൾ പ്രാകൃതരും ആധുനിക സമൂഹത്തിൽ ജീവിക്കുവാൻ കൊള്ളരുതാത്തവരുമാണ് എന്ന പ്രചരണങ്ങൾ ശക്തമായിക്കൊണ്ടിരിക്കുമ്പോഴാണ് ഇത്തരമൊരു പ്രദർശനം നടക്കുന്നതെന്ന് ഏറെ ശ്രദ്ധേയമാണ്. മുസ്‌ലിംലോകം ഉൽപാദിപ്പിക്കുന്നത് ഭീകരവാദികളെ മാത്രമാണെന്ന പാശ്ചാത്യ മീഡിയയുടെ പ്രചാരണങ്ങൾക്ക് ശക്തവും സൃഷ്ടിപരവുമായ മറുപടിയാണ് ഈ പ്രദർശനം. ഇംഗ്ലണ്ടിലുള്ള വ്യത്യസ്ത യൂനിവേഴ്സിറ്റികളിലെ ശാസ്ത്രാധ്യാപകരുടെയും ശാസ്ത്ര-ചരിത്ര ഗവേഷകരുടെയും സേവനവും സഹായവും സ്വീകരിച്ചുകൊണ്ട് സംവിധാനിച്ച ഈ പ്രദർശനം അതിന്റെ സാങ്കേതിക മികവുകൊണ്ടും സംവേദനക്ഷമതകൊണ്ടും കാഴ്ചക്കാരന്റെ ഹൃദയത്തിലേക്ക് ഇറങ്ങിച്ചെല്ലുകയും മുസ്‌ലിം ലോകത്തിന്റെ സംഭാവനകൾ അംഗീകരിക്കാതിരിക്കാൻ അവർക്ക് സാധ്യമല്ലാത്തവിധം അക്കാര്യങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ചുരുക്കത്തിൽ, മുസ്‌ലിംകളെ അപകർഷതാബോധത്തിൽ നിന്ന് കരകയറ്റുകയും തങ്ങളുടെ ഭൂതകാലത്തുണ്ടായിരുന്ന ഉജ്വല പാരമ്പര്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയും ഖുർആനിന്റെ സന്ദേശം മുറുകെപിടിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ അമുസ്‌ലിംകൾക്ക് ഇസ്‌ലാമിക പാരമ്പര്യത്തെക്കുറിച്ച അറിവും ഖുർആനിന്റെ ഉജ്വലതയെക്കുറിച്ച ബോധ്യവും നൽകുന്നുണ്ട് ഈ പ്രദർശനം.

മുസ്‌ലിംകളെ വികൃതവൽക്കരിക്കുവാൻ വേണ്ടിയുള്ള ശത്രുക്കളുടെ പരിശ്രമങ്ങൾക്ക് തെളിവു നൽകുന്ന രൂപത്തിലുള്ള മുസ്‌ലിം പ്രതികരണങ്ങൾക്ക് നടുവിൽ തികച്ചും സൃഷ്ടിപരവും മുസ്‌ലിം കൾക്ക് ഔന്നത്യ ബോധവും അമുസ്‌ലിംകൾക്ക് ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുവാനുള്ള പ്രചോദനം നൽകുന്നതുമായ ഇത്തരം പരിപാടികൾ മാതൃകാപരവും വേറിട്ടു നിൽക്കുന്നതുമാണ്. ഡെൻമാർക്കിൽ കാർട്ടൂൺ പ്രശ്നമുണ്ടായപ്പോൾ തങ്ങളനുഭവിക്കുന്ന ആദർശപരവും സാമൂഹികവുമായ പീഡനങ്ങൾക്ക് നടുവിലും പ്രവാചകനെ (സ)ക്കുറിച്ച് ഡാനിഷ് പുസ്തകം പുറത്തിറക്കി സൗജന്യമായി സകല വീടുകളിലുമെത്തിച്ചുകൊടുത്ത് മാതൃക കാണിച്ച അവിടെയുള്ള മുസ്‌ലിംകൾ സ്വീകരിച്ച മാർഗവും ഏറെ ശ്രദ്ധേയവും മാതൃകാപരവുമാണ്. മുസ്‌ലിംകളെ പ്രകോപിപ്പിക്കുവാനും ഇരകളാക്കിത്തീർക്കുവാനും വേണ്ടിയുള്ള സമർഥമായ കെണികളൊരുക്കുന്നവരുടെ മുമ്പിൽ ഈ ഈ കെണികളിൽ വീഴുന്നവരല്ല തങ്ങൾ എന്ന് തെളിയിച്ചുകൊ

ടുക്കേണ്ടവരാണ് മുസ്‌ലിംകൾ. മുസ്‌ലിം ലോകത്ത് ഉയർന്നു കാണുന്ന സൃഷ്ടിപരവും പ്രബോധന പ്രധാനവുമായ മുന്നേറ്റങ്ങൾ കാണുമ്പോൾ മുസ്‌ലിംകൾ ശത്രുവിനെ തിരിച്ചറിയാൻ തുടങ്ങിയിരിക്കുമെന്ന് മനസ്സിലാവുന്നു. ഏത് പ്രതികൂലമായ കാലാവസ്ഥയെയും പ്രബോധനത്തിന് അനുഗുണമായി ഉപയോഗിക്കുവാൻ ശ്രമിക്കുന്ന പാശ്ചാത്യ മുസ്‌ലിംകളിൽ ചിലരുടെ കാൽവെപ്പുകൾ ഏറെ ശ്രദ്ധേയമാണ്. പ്രബോധനമാണ് തങ്ങളുടെ ദൗത്യമെന്ന തിരിച്ചറിവിൽ നിന്നാണ് പ്രസ്തുത കാൽവെപ്പുകളുണ്ടാവുന്നത്. മുഹമ്മദ് നബി(സ)യുടെ മാതൃകയുൾക്കൊള്ളുന്നവർ ചെയ്യേണ്ടത് ഏത് അവസരങ്ങളെയും ഇസ്‌ലാം മറ്റുള്ളവർക്ക് എത്തിക്കുവാനുള്ള മാർഗമാക്കിത്തീർക്കുകയാണ്. ബൗദ്ധികവും വിഭവപരവുമായി ഏറെ മുന്നിലുള്ള കേരളീയ മുസ്‌ലിം സമൂഹത്തിന് ഈ രൂപത്തിലുള്ള പ്രബോധന സംരംഭങ്ങൾ ഏറ്റെടുക്കുവാൻ കഴിയണം. ഇസ്‌ലാമിനെ തമസ്കരിക്കുവാൻ വേണ്ടിയുള്ള പരിശ്രമങ്ങൾക്ക് നാം മറുപടി പറയേണ്ടത് അങ്ങനെയാണ്. അല്ലാഹു അനുഗ്രഹിക്കട്ടെ (ആമീൻ).